# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com


All Kerala Press Release 15.12.20122
*Ref: 883/KCBC/K-6/KPR/DS*

## ദാർശനീകനായ ഫാദർ ജോസഫ് കണ്ണത്ത്: കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ

കൊച്ചി: കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയമായ പാലാരിവട്ടം പിഒസി യുടെ സ്ഥാപക ഡയറക്ടർ ആയിരുന്ന ജോസഫ് കണ്ണത്തച്ചൻ ദീർഘദർശിയായിരുന്നുവെന്ന് കെസിബിസി പ്രസിഡണ്ട് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. 1968 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിനെക്കുറിച്ച് പാരീസിലെ തന്റെ ഡിപ്ലോമാ പഠനകാലത്ത് തന്നെ ഗൗരവമായി ചിന്തിക്കുകയും അതേക്കുറിച്ച് പഠനരേഖ തയ്യാറാക്കുകയും ചെയ്ത ജോസഫച്ചൻ കേരളത്തിൽ വന്ന് മംഗലപ്പുഴ സെമിനാരി ഡയറക്ടർ ആയിരുന്ന ബഹു. മൈക്കിൽ ആഞ്ചലോ ഒ സി ഡി യോടും, തൃശ്ശൂർ രൂപതാ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ജോർജ് ആലപ്പാട്ട് മെത്രാനോടും, ചർച്ചകൾ നടത്തുകയുണ്ടായി. പല വേദികളിൽ ഇക്കാര്യം ചർച്ചകൾക്കും സംവാദങ്ങൾക്കും കാരണമായി. തുടർന്ന് 1968-ൽ തിരുവനന്തപുരം മലങ്കര അതിരൂപതാധ്യക്ഷൻ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അധ്യക്ഷനായും ഫാ. ഡൊമിനിക് ഒസിഡി വൈസ് ചെയർമാൻ ആയും കണ്ണത്തച്ചൻ സെക്രട്ടറിയായും രൂപീകരിക്കപ്പെട്ട കമ്മീഷനാണ് പ്രഥമ പിഒസി കമ്മീഷൻ. ദീർഘ വീക്ഷണത്തോടെ കേരളസഭയുടെ ഐക്യത്തിനും വളർച്ചക്കും വേണ്ടി അച്ചൻ ചെയ്ത സേവനങ്ങൾ സഭ എക്കാലവും സ്മരിക്കും. മൂന്ന് വ്യക്തിഗത സഭകളുടെ ഏകോപനം മാത്രമല്ലാ കേരളത്തിലെ കത്തോലിക്ക സമൂഹത്തിന് കെട്ടുറപ്പുള്ള പ്രവർത്തന നേതൃത്വം കൈവരിക്കാൻ ഇതുമൂലം സാധിച്ചു. വൈവിധ്യങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ദൈവരാജ്യപ്രഘോഷണം സാധ്യമാക്കുന്നതിന് പ്രയത്നിച്ച ദിവംഗതനായ ബഹു. കണ്ണത്തച്ചന്റെ ഓർമ്മകൾക്ക് മുമ്പിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയും പിഒസിയും ആദരാഞ്ജലികൾ അർപ്പിക്കുന്നുവെന്ന് കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ പറഞ്ഞു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, കെസിബിസി
ഡയറക്ടർ, പിഒസി.


PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com